# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2397 — 08.07. 2015 ൽ മറുപടിക്ക്.

## അന്യ സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ ഏത് സംസ്ഥാനക്കാരാണെന്നും എന്തൊക്കെ തൊഴിൽ ചെയ്യുന്നുവെന്നും എവിടെയൊക്കെ താമസിക്കുന്നുവെന്നും മനസ്സിലാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; | (എ) ഇല്ല. 1979 ലെ അന്യസംസ്ഥാന തൊഴിലാളി നിയമ പ്രകാരം അഞ്ചോ അതിൽ കൂടുതലോ അന്യസംസ്ഥാന തൊഴിലാളികളെ ഏതെങ്കിലും കരാറടിസ്ഥാനത്തിലോ കരാറുകാരൻ മുഖേനയോ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യിപ്പിക്കുന്നതിന് തൊഴിലുടമടി നിയമപ്രകാരമുള്ള രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും തൊഴിൽ വകുപ്പിൽ നിന്നും കരസ്ഥമാക്കേണ്ടതാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഇവർക്ക് സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനത്തെകുറിച്ചും തൊഴിലിടത്തെക്കുറിച്ചും ഏർപ്പെടുന്ന തൊഴിലിനെകുറിച്ചും മനസ്സിലാക്കുവാൻ സാധിക്കുന്നു. കൂടാതെ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കുടിയേറ്റ തൊഴിലാളികളെ സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള ക്രിമിനൽ കേസുകളും ഇവർക്കെതിരെയുള്ള ചൂഷണങ്ങളും വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | അന്യസംസ്ഥാന തൊഴിലാളികളിലെ ക്രിമിനലുകളെ തിരിച്ചറിയുവാനും ഇവർക്കെതിരെയുള്ള വർദ്ധിച്ച വരുന്ന ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനും അവസാനിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും തൊഴിൽ -ആഭ്യന്തര വകുപ്പുകൾ സംയുക്തമായി ഇവർക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടു ണ്ടോ;ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (സി) | തൊഴിൽ -ആഭ്യന്തര വകുപ്പുകൾ സംയുക്തമായി അന്യസംസ്ഥാന തൊഴിലാളികൾക്കായി രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്തുന്ന നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ